പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 980** | **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യനീതി വകുപ്പിന്റെ വിവിധ ക്ഷേമപദ്ധതികൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. സി. ആർ. മഹേഷ് | ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ |
| ശ്രീ. കെ. പി. നൗഷാദ് അലി | (മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി) |
| ശ്രീ. കെ. പ്രവീൺ കുമാർ | |

**(എ)** സാമൂഹ്യനീതി വകുപ്പിന്റെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അർഹരായ എല്ലാവരിലേക്കും എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സാമൂഹികനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ അപേക്ഷ ക്ഷണിക്കുന്ന നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള വിശദാംശം പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും നടപടി സ്വീകരിച്ചു വരുന്നു. വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബ്രോഷറുകളും ലഘുലേഖകളും വിതരണം ചെയ്യുന്നുണ്ട്. ജില്ലാതലങ്ങളിൽ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തിയുള്ള ബോധവത്കരണ പരിപാടികളിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള അവബോധം നൽകി വരുന്നു. വിവിധ ഏജൻസികളെ ഉപയോഗപ്പെടുത്തി ഫെയ്സ് ബുക്ക്, ട്വിറ്റർ, എക്സ്, എഫ്എം റേഡിയോ തുടങ്ങിയ സമൂഹമാധ്യമങ്ങളിൽ പദ്ധതികളുടെ വിശദാംശം പ്രസിദ്ധപ്പെടുത്തുന്നു. പൊതു ജനങ്ങൾക്ക് ക്ഷേമ പദ്ധതികൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് വകുപ്പിന്റെ വെബ് സൈറ്റ് പ്രവർത്തിക്കുന്നുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അർഹരായ എല്ലാവരിലേക്കും എത്തിക്കുന്നതിനായി പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ മിഷന്റെ www.socialsecuritymission.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകി വരുകയും ചെയ്യുന്നു. കൂടാതെ മിഷന്റെ 14 ജില്ലാ കോർഡിനേറ്റർമാർ മുഖേന ജില്ലാതലത്തിൽ മീറ്റിംഗുകൾ, ക്യാമ്പുകൾ, തുടങ്ങിയവ സംഘടിപ്പിച്ചും, ജനങ്ങളെ നേരിൽ കണ്ടും പദ്ധതികൾക്ക് ആവശ്യമായ പ്രചാരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എല്ലാ ഭിന്നശേഷിക്കാർക്കും ലഭ്യമാക്കുന്നതിലേ ക്കായി തിരുവനന്തപുരം ഹെഡ് ഓഫീസ് വഴിയും, എറണാകുളം, കോഴിക്കോട് റീജിയണൽ ഓഫീസുകൾ വഴിയും ഇടുക്കി, കണ്ണൂർ, കാസർഗോഡ്, ജില്ലാ ഓഫീസുകൾ വഴിയും പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റിലും പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണ്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് മുഖേന നടത്തുന്ന വിവിധക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റ് വഴിയും സോഷ്യൽ മീഡിയ, മാധ്യമങ്ങൾ എന്നിവ വഴിയും അർഹരായ എല്ലാവരിലേക്കും എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** ഭിന്നശേഷിക്കാർക്ക് ഡിജിറ്റൽ സേവനങ്ങളും സർക്കാർ ഓൺലൈൻ സംവിധാനങ്ങളും എളുപ്പത്തിൽ ഉപയോഗിക്കാനും മനസ്സിലാക്കാനും പ്രാപ്തരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കുമോ; വിശദമാക്കാമോ;

**മറുപടി:** ഡിജിറ്റൽ സേവനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വെബ് സൈറ്റുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ടി ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ സേവനം ലഭ്യമാക്കുന്നതിന് വേണ്ടി udidkerala@gmail.com, keralaudid@gmail.com എന്ന ഇ-മയിൽ വിലാസവും 1800-120-1001 toll free നമ്പറും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ UDID കാർഡിനായി അപേക്ഷ സമർപ്പിച്ച ശേഷം തുടർ നടപടികൾ അറിയുന്നതിനും കാർഡ് ഡൗൺലോഡ് ചെയ്തു എടുക്കുന്നതിനുമായി www.swavlambancard.gov.in എന്ന വെബ്സൈറ്റും സജ്ജമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് ഡിജിറ്റൽ സേവനങ്ങളും ഓൺലൈൻ സംവിധാനങ്ങളും എളുപ്പത്തിൽ ഉപയോഗിക്കാനും മനസ്സിലാക്കുന്നതിനും നിഷ് മുഖേന നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഭിന്നശേഷിക്കാർക്കായുള്ള സേവനങ്ങളും സംവിധാനങ്ങളും രൂപകൽപ്പന ചെയ്യുന്ന ഘട്ടത്തിൽത്തന്നെ ഭിന്നശേഷിയുള്ള വ്യക്തികളെ ഉൾപ്പെടുത്തി ആക്സസിബിലിറ്റി ഓഡിറ്റ് (Accessibility Audit) നടത്തുക
2. വെബ്സൈറ്റുകളും മൊബൈൽ ആപ്ലിക്കേഷനുകളും വെബ് കണ്ടന്റ് അക്സസിബിലിറ്റി മാനദണ്ഡങ്ങൾ അനുസരിച്ച് രൂപകൽപ്പന ചെയ്യുക
3. കാഴ്ചപരിമിതർക്കായി സ്ക്രീൻ റീഡറുകൾക്ക് എളുപ്പത്തിൽ വായിച്ചെടുക്കുവാൻ കഴിയുന്ന രീതിയിൽ വെബ്സൈറ്റുകൾ നിർമ്മിക്കുക
4. വീഡിയോ സന്ദേശങ്ങളിൽ കേൾവി പരിമിതർക്കായി സബ്ടൈറ്റിലുകളും, ആംഗ്യഭാഷാ (Sign Language) പരിഭാഷയും ഉൾപ്പെടുത്തുക
5. ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ഡിജിറ്റൽ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന്, സഹായ സാങ്കേതികവിദ്യ (Assistive Technology) പ്രയോജനപ്പെടുത്തുക.

**(സി)** സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

**മറുപടി:** സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ഭിന്നശേഷിക്കാർക്ക് സാമൂഹികനീതി വകുപ്പ് മുഖേന സ്വയംതൊഴിൽ ആരംഭിക്കുന്നതിനു സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**സ്വാശ്രയ പദ്ധതി-** തീവ്രമായ മാനസിക,ശാരീരിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന് സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി ഒറ്റതവണയായി 35,000/-രൂപ ധനസഹായം നൽകുന്ന പദ്ധതി.

**ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള സ്വയംതൊഴിൽ പദ്ധതി –**

സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി കേരള വനിത വികസന കോർപ്പറേഷൻ വഴി ₹3 ലക്ഷം വരെ വായ്പ ലഭ്യമാക്കുന്ന പദ്ധതി. സാമൂഹികനീതി വകുപ്പും വനിത വികസന കോർപ്പറേഷനും സംയുക്തമായാണ് ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള സ്വയം തൊഴിൽ വായ്പ അനുവദിച്ചു വരുന്നത്. വനിതാ വികസന കോർപ്പറേഷൻ സ്വയംതൊഴിൽ വായ്പയ്ക്കുള്ള അപേക്ഷ ക്ഷണിക്കുകയും അപേക്ഷകർക്ക് ഇ.ഡി.പി പരിശീലനം നൽകുകയും ചെയ്യുന്നു. ടാൻസ് ജെൻഡർ ഐ.ഡി കാർഡുള്ളവർക്ക് ടി പദ്ധതിയ്ക്കായി അപേക്ഷിക്കാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവരെ നേരിൽ കേട്ടതിന്റെയും അപേക്ഷ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് വനിത വികസന കോർപ്പറേഷൻ സാമൂഹികനീതി വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കുകയും ആയത് സാമൂഹികനീതി വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായ അപ്പെക്സ് കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്തി വായ്പ നൽകുന്നതിനുള്ള അംഗീകാരം നൽകുകയും ചെയ്യുന്നു.

സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ഭിന്നശേഷിക്കാർക്ക് കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ ആരംഭിക്കുന്നതിനു സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**എൻ.ഡി.എഫ് ഡി.സി വായ്പ**

നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയെന്ന നിലയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, 2000 മുതൽ നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആൻറ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ അനുവദിച്ചു വരുന്നു.

സ്വയംതൊഴിൽ വായ്പ പലിശ നിരക്ക്

| വായ്പ തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,001- 5,00,000/- രൂപ വരെ | 6% |
| 5,00,001- 15,00,000/- രൂപ വരെ | 7% |
| 15,00,001 - 30,00,000/- രൂപ | 8% |
| 30,00,001 - 50,00,000/- രൂപ വരെ | 9% |

**സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)**

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും, ലോൺ തുക 20,001/ മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും, ലോൺ തുക 500,001/- മുതൽ 1,00,000/-

രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവയും ഹാജരാക്കേണ്ടതാണ്.

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25,000/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി .

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്ന പദ്ധതി .

**സെക്ഷൻ ഓഫീസർ**